# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.383 27.02.2018-ലെ മറുപടിക്ക്

## <u>സ്പാർക്ക് ഡാറ്റാബേസിലെ വിവര ങ്ങളുടെ ചോർച്ച</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ | ശ്രീ. ഡോ. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം തയ്യാറാക്കുന്ന സ്പാർക്ക് സോഫ്റ്റ്വെയറിന്റെ ഡാറ്റാബേസിൽ നിന്നും വിവരങ്ങൾ ചോർന്നതായി ശ്രദ്ധയില്പെട്ടിട്ടുണ്ടോ; | ഓരോ സർക്കാർ ഓഫീസിലെയും ജീവനക്കാരുടെ ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ അതാതു ഓഫീസിൽ സ്പാർക്ക് കൈകാര്യം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് മാത്രമേ കാണുവാൻ കഴിയുകയുള്ളു. ഇത്തരം വിവരങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടുന്നതും സംരക്ഷിക്കേണ്ടതും ഈ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. സർക്കാർ ജീവനക്കാരുടെ ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ സ്പാർക്കിൽ നിന്നും നേരിട്ട് ചോരുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.എന്നാൽ ചില ഡി ഡി ഓ മാർ വഴി ചില ഓഫീസിലെ വിവരങ്ങൾ പുറത്തുള്ളവർക്ക് ലഭിച്ചു എന്ന തരത്തിലുള്ള പത്ര വാർത്തകൾശ്രദ്ധയിൽ വന്നിരുന്നു ഡി ഡി ഓ മാർ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ആവർത്തിച്ച് മുന്നറിയിപ്പുകൾ നല്കുന്നുണ്ട്. |

| | | |
|---|---|---|
| (ബി) | എങ്കിൽ ജീവനക്കാരുടെ ഏതൊക്കെ വിവരങ്ങളാണ് ചോർന്നത് എന്ന് വിശദമാക്കാമോ; | ബാധകമല്ല |
| (സി) | പ്രസ്തുത സുരക്ഷാ വീഴ്ചയിന്മേൽ അന്വേഷണം നടത്തി ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | ബാധകമല്ല |

അക്കൌണ്ട്സ് ഓഫീസർ